## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 2974** — **15.02.2013-ൽ മറുപടി പറയേണ്ടിയിരുന്നത്**

## കാസർഗോഡ് മെഡിക്കൽ കോളേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ബി. അബ്ദുൾ റസാക് : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് സർക്കാർ പ്രഖ്യാപിച്ച മെഡിക്കൽ കോളേജിന് സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;<br><br>(ബി) സമയബന്ധിതമായി മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ ആണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) & (ബി)<br>കാസർഗോഡ് ജില്ലയിൽ പുതുതായി ആരംഭിക്കാൻ പോകുന്ന മെഡിക്കൽ കോളേജിനായുള്ള സ്ഥലമെടുപ്പ് സംബന്ധിച്ച പ്രവർത്തനങ്ങൾ നടന്നുവരുന്നു. പ്രസ്തുത മെഡിക്കൽ കോളേജിനായുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി ബന്ധപ്പെട്ട വകുപ്പുകളുമായി ഉന്നതല ചർച്ചകൾ നടന്നുവരുന്നുണ്ട്. കാസർഗോഡ് മെഡിക്കൽ കോളേജിന്റെ പദ്ധതി നടത്തിപ്പ് കിറ്റ്കോയെ ഏൽപ്പിച്ചിട്ടുണ്ട്. |
| (സി) മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് പ്ലാന്റേഷൻ കോർപ്പറേഷൻ പോലുള്ള ഏതെങ്കിലും പൊതുമേഖലാസ്ഥാപനം ഫണ്ട് നൽകുന്നതിന് തയ്യാറായിട്ടുണ്ടോ ;<br><br>(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ? | (സി) & (ഡി)<br>കാസർഗോഡ് മെഡിക്കൽ കോളേജ് നിർമ്മാണവുമായി സഹകരിക്കാമെന്ന വാഗ്ദാനത്തിൽ നിന്ന് പ്ലാന്റേഷൻ കോർപ്പറേഷൻ പിന്മാറിയിട്ടുണ്ട്. പ്രസ്തുത മെഡിക്കൽ കോളേജിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി നബാർഡ് 46 കോടി രൂപയുടെ സഹായം പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ